©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ
## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII
# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും
## (HEALTH AND FAMILY WELFARE)

# ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

**(2022-2023)**

## SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS
## (2022-2023)

**2022 ജൂൺ 27-ാം തീയതി സമർപ്പിച്ചത്**

**(Presented on 27th June 2022)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XII

# (SUBJECT COMMITTEE XII)

## ആരോഗ്യവും കുടുംബക്ഷേമവും

## (HEALTH AND FAMILY WELFARE)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**

**(2022-2023)**

**SECOND REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2022-2023)**

512/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XII

(ആരോഗ്യവും കുടുംബക്ഷേമവും)

(2022-2023)

**ഘടന**

ചെയർപേഴ്സൺ:

ശ്രീമതി വീണാ ജോർജ്ജ്,
ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി സി. കെ. ആശ

ശ്രീ. പി. കെ. ബഷീർ

ശ്രീമതി ദെലീമ

ശ്രീ. ജോബ് മൈക്കിൾ

ശ്രീമതി യു. പ്രതിഭ

ശ്രീമതി കെ. കെ. രമ

ഡോ. സുജിത് വിജയൻപിള്ള.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ബി. റെജി, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി പ്രീത കെ., അണ്ടർ സെക്രട്ടറി.

## അവതാരിക

2022-2023 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച്, സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 20-4-2022-ന് യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII _ വൈദ്യസഹായവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XIX _ കുടുംബക്ഷേമം

ധനാഭ്യർത്ഥന നമ്പർ XX _ ശുദ്ധജല വിതരണവും ശുചീകരണവും

ധനാഭ്യർത്ഥന നമ്പർ XXX _ ഭക്ഷ്യം

മേല്പറഞ്ഞ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2022 ഏപ്രിൽ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വീണാ ജോർജ്ജ്,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XII.*

തിരുവനന്തപുരം,
2022 ഏപ്രിൽ 27.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ —XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

വോട്ട് ചെയ്തത് : 9425.1826 കോടി രൂപ

ചാർജ്ജ് ചെയ്തത് : 12.18 ലക്ഷം രൂപ

## ആരോഗ്യ വകുപ്പ്

2210-01-110-85-17—മാനസിക ആരോഗ്യകേന്ദ്രം, തിരുവനന്തപുരം-ചെറുകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : 89.23 ലക്ഷം രൂപ (പ്ലാൻ)

1. തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തിൽ വാർഡ് നവീകരണത്തിനും റോഡ് റീടാർ ചെയ്യുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മുൻ വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതത്തെ അപേക്ഷിച്ച് തുലോം കുറവായതിനാൽ 1.3875 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-68-34 —സമഗ്ര മാനസികാരോഗ്യ പദ്ധതി- മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

2. പദ്ധതിയുടെ നടത്തിപ്പിനും വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനും അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിനും ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ആയതിനാൽ 1.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-40—ജില്ലാ മാനസികാരോഗ്യ പരിപാടി

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

3. ജില്ലാ മാനസിക ആരോഗ്യ പരിപാടിയ്ക്ക് ജില്ലാ തലങ്ങളിൽ ഓഫീസ് സംവിധാനം ആരംഭിക്കുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കേരളത്തിലെ മാനസിക ആരോഗ്യ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ എണ്ണം അവയുടെ കിടക്കകളുടെ എണ്ണത്തിന്റെ പല മടങ്ങാണ്. ചികിത്സ കഴിഞ്ഞ് രോഗം ഭേദമായവരിൽ ബഹുഭൂരിപക്ഷത്തെയും വീട്ടുകാരും സമൂഹവും തിരികെ സ്വീകരിക്കുന്നതിൽ വിമുഖത കാണിക്കുന്നതിനാൽ ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത അന്തേവാസികൾക്ക് താമസസൗകര്യം, അടിസ്ഥാനസൗകര്യവികസനം, ജീവനോപാധി എന്നിവ ലഭ്യമാക്കി പുനരധിവാസം ഉറപ്പാക്കുന്നതിന് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-90—സംസ്ഥാന ആരോഗ്യകുടുംബക്ഷേമ പരിശീലനകേന്ദ്രം, തിരുവനന്തപുരം

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ (പ്ലാൻ)

5. പരിശീലനകേന്ദ്രത്തിൽ വാഹനപാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും കെട്ടിടം പെയിന്റിംഗ് വർക്ക് നടത്തുന്നതിനും 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-53—പാവപ്പെട്ടവർക്കു വൈദ്യസഹായം നൽകുന്നതിനുള്ള സൊസൈറ്റി

ബഡ്ജറ്റ് വിഹിതം : ഇല്ല.

6. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ഇതുവരെ ലഭ്യമായ 628 അപേക്ഷകളിൽ 314 ലക്ഷം ആവശ്യമായതിനാലും ജീവനക്കാർക്ക് വേതനം നൽകുന്നതിന് 1620 ലക്ഷം ആവശ്യമായതിനാലും 3.1562 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നാഷണൽ ഹെൽത്ത് മിഷൻ (NHM)

2210-06-101-19 - ദേശീയ ആരോഗ്യ ദൗത്യം (കേന്ദ്രാവിഷ്കൃതം 60 : 40)

2210-06-101-19-02 - ദേശീയ ആരോഗ്യ ദൗത്യം (സംസ്ഥാന വിഹിതം)

ബഡ്ജറ്റ് വിഹിതം : 350 കോടി രൂപ (പ്ലാൻ)

7. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം single nodal account എന്ന പുതിയ ഫണ്ട് മാനേജ്മെന്റ് സംവിധാനത്തിലേയ്ക്ക് മാറിയതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ കേന്ദ്ര വിഹിതത്തിനും സംസ്ഥാന വിഹിതത്തിനും മതിയായ തുക

ഉണ്ടെന്ന് ഉറപ്പാക്കണമെന്ന കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം ഉള്ളതിനാൽ, കേന്ദ്ര ഫണ്ട് വിഹിതം 21 ദിവസത്തിനകവും സംസ്ഥാന വിഹിതം 40 ദിവസത്തിനകവും നാഷണൽ ഹെൽത്ത് മിഷന്റെ single nodal account-ലേയ്ക്ക് കൈമാറണമെന്നതിനാൽ ബഡ്ജറ്റ് ശീർഷകത്തിൽ മതിയായ ഫണ്ട് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം കേന്ദ്ര വിഹിതം അനുവദിക്കില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 329.57 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-13—കോവിഡ് 19 നിയന്ത്രണത്തിനും നിർവഹണത്തിനും ദേശീയ ആരോഗ്യ മിഷൻ നൽകുന്ന ധനസഹായം (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല.

8. 2021-22 സാമ്പത്തിക വർഷം ECRP-I-ൽ അനുവദിച്ച 48.82 കോടി രൂപ സംസ്ഥാനം അനുവദിക്കാനുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ സംസ്ഥാന വിഹിതമായ 48.82 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-101-10-02—ഇന്ത്യ കോവിഡ്-19 എമർജൻസി റെസ്പോൺസ് ആന്റ് ഹെൽത്ത് സിസ്റ്റം തയ്യാറെടുപ്പ് പാക്കേജ് : (സംസ്ഥാന വിഹിതം)

ഘട്ടം II (ECRP-II) (60% CSS) (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല.

9. 2021-22 സാമ്പത്തിക വർഷം ECRP-II-ൽ അനുവദിച്ച തുകയിൽ കേന്ദ്ര വിഹിതം മാത്രമാണ് സംസ്ഥാനം അനുവദിച്ചത്. ആയതിനാൽ സംസ്ഥാന വിഹിതമായ 57.97 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-99-01-4—ആശുപത്രികളും ഡിസ്പെൻസറികളും-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

2210-01-110-99-34-2—ആശുപത്രികളും ഡിസ്പെൻസറികളും-മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-99-01-4 - 1.625 കോടി രൂപ

2210-01-110-99-34-2 - 5.7221 കോടി രൂപ

10. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-01-110-99-01-4 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 5 കോടി രൂപയും അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-103-99-01-4—പ്രാഥമിക ആരോഗ്യ യൂണിറ്റുകളും ആരോഗ്യ കേന്ദ്രങ്ങളും-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

11. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-03-110-99-05-2—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

2210-03-110-99-34-2—ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-മറ്റ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-110-99-05-2 : 8.56 ലക്ഷം രൂപ

2210-03-110-99-34-2 : 1 ലക്ഷം രൂപ

12. നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-03-110-99-05-2 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും 2210-03-110-99-34-2 എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-003-97-02-4—വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം-വേതനം

ബഡ്ജറ്റ് വിഹിതം : ഇല്ല

13. കോവിഡ് മഹാമാരിമൂലം അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച JHI/JPHN-മാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.70 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-99-05-2—പൊതുജനാരോഗ്യ പരീക്ഷണശാലകൾ-ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 38.38 ലക്ഷം രൂപ (നോൺ പ്ലാൻ)

14. പബ്ലിക് ഹെൽത്ത് ലാബിന്റെ Pending electricity charge നൽകുന്നതിന് വേണ്ടി 34 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്

2210-01-200-93-31—ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 58.29 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിലെ ജൂനിയർ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് അധിക തുക ആവശ്യമാണ്. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

2210-05-001-93-35—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

16. 2022-23 സാമ്പത്തിക വർഷത്തിൽ 5 പദ്ധതി ഘടകങ്ങളാണ് ബഡ്ജറ്റിലെ plan write up-ൽ ഉൾപ്പെട്ടിട്ടുള്ളത്. ആയതിന് 20.9389 കോടി രൂപയും 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും പദ്ധതിവിഹിതം ലഭിക്കാത്തതുമായ പദ്ധതി ഘടകങ്ങൾക്ക് 15.0737 കോടി രൂപയും ആവശ്യമുണ്ട്. എന്നാൽ 10 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ 26.01263 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-31—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം- ശമ്പളം

ബഡ്ജറ്റ് വിഹിതം : 4.3560 കോടി രൂപ (നോൺ പ്ലാൻ)

17. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 7.0940 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-001-93-36—കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല- സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 2.7280 കോടി രൂപ (നോൺ പ്ലാൻ)

18. നടപ്പ് സാമ്പത്തിക വർഷം നോൺ സാലറി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3.2720 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2210-05-105-48-34-3—സർക്കാർ ദന്തൽ കോളേജ്, ആലപ്പുഴ -മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 3.5809 കോടി രൂപ (പ്ലാൻ)

19. ആലപ്പുഴ സർക്കാർ ദന്തൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത മായതിനാൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-28—മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിനുകീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന സഹായം (പ്ലാൻ)

2210-05-105-28-03—നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് ഓഫ് ബേൺസ് ഇൻജ്വറീസ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

2210-05-105-28-07—കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡെവലപ്പിംഗ് ട്രോമാകെയർ ഫെസിലിറ്റീസ് ഇൻ ഗവൺമെന്റ് ഹോസ്പിറ്റൽസ് ലൊക്കേറ്റഡ് ഓൺ നാഷണൽ ഹൈവേസ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

2210-05-105-28-11—സ്ട്രെങ്ത്തനിംഗ്/അപ്ഗ്രഡേഷൻ ഓഫ് ഫാർമസി ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ പ്രോഗ്രാം ഫോർ ഫാക്കൽറ്റി ആന്റ് പ്രാക്ടീസിംഗ് ഫാർമസിസ്റ്റ് (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

20. മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം ഇല്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും താഴെപ്പറയുന്ന ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-28-03 - 55.40 ലക്ഷം രൂപ

2210-05-105-28-07 - 72.20 ലക്ഷം രൂപ

2210-05-105-28-11 - 46.94 ലക്ഷം രൂപ

ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജുകൾ

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

4210-03-105-66 - 10 കോടി രൂപ

4210-03-105-65 - 5 കോടി രൂപ

4210-03-105-41 - 5 കോടി രൂപ

21. ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ പുതിയ മെഡിക്കൽ കോളേജിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിൽ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4210-03-105-66 - 10 കോടി രൂപ

4210-03-105-65 - 3 കോടി രൂപ

4210-03-105-41 - 10.5076 കോടി രൂപ

4210-03-105-63-01—<u>പുതിയ മെഡിക്കൽ കോളേജ് മഞ്ചേരി, മലപ്പുറം-മരാമത്ത് പണികൾ</u>

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

22. റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണത്തിലെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകളുടെ പൂർത്തീകരണത്തിനും, മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>33.32 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

02-4 —<u>കൺസോളിഡേറ്റഡ് പേ</u> (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 186.1707 കോടി രൂപ

2210-05-105-98-02-4 - 12.8040 കോടി രൂപ

2210-05-105-97-02-4 - 11.4711 കോടി രൂപ

2210-05-105-96-02-4 - 7.8624 കോടി രൂപ

2210-05-105-95-02-4 - 12.1575 കോടി രൂപ

2210-05-105-94-02-4 - 8.3992 കോടി രൂപ

2210-05-105-93-02-4 - 69.89 ലക്ഷം രൂപ

2210-05-105-92-02-4 - 58.80 ലക്ഷം രൂപ

2210-05-105-80-02-4 - 108.3873 കോടി രൂപ

2210-05-105-49-02-4 - 5.3760 കോടി രൂപ

2210-05-105-48-02-4 - 1.2230 കോടി രൂപ

2210-05-105-45-02-4 - 1.6330 കോടി രൂപ

2210-05-105-34-02-4 - 1.0483 കോടി രൂപ

2210-05-105-32-02-4 - 10.3533 കോടി രൂപ

2210-05-105-26-02-4 - 4.1687 കോടി രൂപ

23. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ബോണ്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന Junior Residents, Senior Residents, Lecturer എന്നീ ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.1032 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി ഈ ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-98-02-4 - 13.4442 കോടി രൂപ

2210-05-105-97-02-4 - 11.4711 കോടി രൂപ

2210-05-105-96-02-4 - 8.2555 കോടി രൂപ

2210-05-105-95-02-4 - 12.1575 കോടി രൂപ

2210-05-105-94-02-4 - 8.3992 കോടി രൂപ

2210-05-105-93-02-4 - 73.38 ലക്ഷം രൂപ

2210-05-105-92-02-4 - 61.74 ലക്ഷം രൂപ

2210-05-105-80-02-4 - 108.7205 കോടി രൂപ

2210-05-105-49-02-4 - 5.6448 കോടി രൂപ

2210-05-105-48-02-4 - 1.2842 കോടി രൂപ

2210-05-105-45-02-4 - 1.7146 കോടി രൂപ

2210-05-105-34-02-4 - 1.1007 കോടി രൂപ

2210-05-105-32-02-4 - 10.3533 കോടി രൂപ

2210-05-105-26-02-4 - 4.3771 കോടി രൂപ

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം-നോൺ പ്ലാൻ

ബഡ്ജറ്റ് വിഹിതം : 26.6375 കോടി രൂപ

2210-01-110-94-05-1 - 31.50 ലക്ഷം രൂപ

2210-01-110-88-05-1 - 2.50 ലക്ഷം രൂപ

2210-01-110-58-05-1 - 15 ലക്ഷം രൂപ

2210-05-105-98-05-1 - 11.0250 കോടി രൂപ

2210-05-105-97-05-1 - 7.5600 കോടി രൂപ

2210-05-105-96-05-1 - 5.6120 കോടി രൂപ

2210-05-105-94-05-1 - 78.75 ലക്ഷം രൂപ

2210-05-105-80-05-1 - 50,000 രൂപ

2210-05-105-53-05-1 - 35.20 ലക്ഷം രൂപ

2210-05-105-47-05-1 - 75.60 ലക്ഷം രൂപ

2210-05-105-32-05-1 - 5 ലക്ഷം രൂപ

24. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ വെള്ളക്കരത്തിനായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ കുടിശ്ശികയായുള്ള വെള്ളക്കരം അടച്ച് തീർക്കേണ്ടതിനായി താഴെപ്പറയുന്ന നോൺ പ്ലാൻ ശീർഷകങ്ങളിൽ <u>20.4685 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകങ്ങൾക്കുനേരെ കാണിച്ചിരിക്കുന്ന തുക അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-01-110-94-05-1 - 80 ലക്ഷം രൂപ

2210-01-110-88-05-1 - 18 ലക്ഷം രൂപ

2210-05-110-58-05-1 - 20 ലക്ഷം രൂപ

2210-05-105-98-05-1 - 20.4583 കോടി രൂപ

2210-05-105-97-05-1 - 9.6 കോടി രൂപ

2210-05-105-96-05-1 - 8.4 കോടി രൂപ

2210-05-105-94-05-1 - 2 കോടി രൂപ

2210-05-105-80-05-1 - 84,000 രൂപ

2210-05-105-53-05-1 - 4.1913 കോടി രൂപ

2210-05-105-47-05-1 - 1.1880 കോടി രൂപ

2210-05-105-32-05-1 - 8 ലക്ഷം രൂപ

12—<u>സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ്</u> (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 275.1034 കോടി രൂപ

2210-05-105-98-12 - 80 കോടി രൂപ

2210-05-105-97-12 - 56.935 കോടി രൂപ

2210-05-105-96-12 - 32 കോടി രൂപ

2210-05-105-95-12 - 23.27 കോടി രൂപ

2210-05-105-94-12 - 38 കോടി രൂപ

2210-05-105-93-12 - 5.9886 കോടി രൂപ

2210-05-105-92-12 - 7.663 കോടി രൂപ

2210-05-105-80-12 - 12.5 കോടി രൂപ

2210-05-105-48-12 - 1.1067 കോടി രൂപ

2210-05-105-47-12 - 5.6672 കോടി രൂപ

2210-05-105-45-12 - 70.86 ലക്ഷം രൂപ

2210-05-105-34-12 - 6.081 കോടി രൂപ

2210-05-105-32-12 - 5.1833 കോടി രൂപ

25. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ House Surgeon/PG വിദ്യാർത്ഥികൾക്ക് stipend നൽകുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല. ആയതിനാൽ <u>2.1337 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി താഴെപ്പറയുന്ന ശീർഷകങ്ങളിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2210-05-105-98-12 - 80 കോടി രൂപ

2210-05-105-97-12 - 56.935 കോടി രൂപ

2210-05-105-96-12 - 32 കോടി രൂപ

2210-05-105-95-12 - 23.27 കോടി രൂപ

2210-05-105-94-12 - 38 കോടി രൂപ

2210-05-105-93-12 - 5.9886 കോടി രൂപ

2210-05-105-92-12 - 7.663 കോടി രൂപ

2210-05-105-80-12 - 12.5 കോടി രൂപ

2210-05-105-48-12 - 1.56 കോടി രൂപ

2210-05-105-47-12 - 5.6672 കോടി രൂപ

2210-05-105-45-12 - 1.62 കോടി രൂപ

2210-05-105-34-12 - 6.85 കോടി രൂപ

2210-05-105-32-12 - 5.1833 കോടി രൂപ

24- സാധനസാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 13.521 കോടി രൂപ (നോൺ പ്ലാൻ)

2210-01-110-98-24 - 2.276 കോടി രൂപ

2210-01-110-97-24 - 3.5 കോടി രൂപ

2210-01-110-96-24 - 2.3411 കോടി രൂപ

2210-01-110-95-24 - 3.3 കോടി രൂപ

2210-01-110-94-24 - 1.9124 കോടി രൂപ

2210-01-110-58-24 - 18.9 ലക്ഷം രൂപ

2210-05-105-26-24 - 25000 രൂപ

26. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ചികിത്സയുമായി ബന്ധപ്പെട്ട Oxygen, മറ്റു ജീവൻ രക്ഷാ മരുന്നുകൾ, ആഹാരസാധനങ്ങൾ എന്നിവയുടെ ബില്ലുകൾ മാറി നൽകുന്നതിനായി 24 Materials & Supplies എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ താഴെ കൊടുത്തിരിക്കുന്ന ശീർഷകങ്ങളിൽ 22.829 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-01-110-98-24 - 6 കോടി രൂപ

2210-01-110-97-24 - 15.75 കോടി രൂപ

2210-01-110-96-24 - 3.3 കോടി രൂപ

2210-01-110-95-24 - 8 കോടി രൂപ

2210-01-110-94-24 - 3 കോടി രൂപ

2210-01-110-58-24 - 20 ലക്ഷം രൂപ

2210-05-105-26-24 - 10 ലക്ഷം രൂപ

## ഭക്ഷ്യ സുരക്ഷാ വകുപ്പ്

2210-06-107-98-24—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - സാധന സാമഗ്രികൾ

ബഡ്ജറ്റ് വിഹിതം : 66.47 ലക്ഷം രൂപ (പ്ലാൻ)

27. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിച്ചുവരുന്ന 4 മേഖലാ ലബോറട്ടറികളും ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും ഉണ്ട്. കൂടാതെ ഭക്ഷ്യപരിശോധനാ ലബോറട്ടറികളിലേയ്ക്ക് സാമ്പിൾ പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കൾ, മൈക്രോ ബയോളജി പരിശോധനയ്ക്ക് ആവശ്യമായ രാസവസ്തുക്കൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 45.23 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-34-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം-മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 48.89 ലക്ഷം രൂപ (പ്ലാൻ)

28. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനുകീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ലാബുകളിൽ ചെറുകിട ഉപകരണങ്ങൾ വാങ്ങുന്നതിനും ലബോറട്ടറിയിലെ ഗ്ലാസ്‌വെയറുകൾ, മറ്റ് ലബോറട്ടറി ഉപകരണങ്ങൾ എന്നിവ യഥാസമയം കാലിബ്രേറ്റ് ചെയ്യുന്നതിനും മറ്റ് ചെലവിലേയ്ക്കുമായി നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-05-2—ഭക്ഷ്യകാര്യഭരണം-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 6.30 ലക്ഷം രൂപ (നോൺ പ്ലാൻ)

29. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും അതിനു കീഴിലുള്ള 14 ജില്ലാ കാര്യാലയങ്ങളിലും സാമ്പിൾ പരിശോധനകളടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ വൈദ്യുതി ഉപഭോഗം വർദ്ധിച്ച സാഹചര്യത്തിൽ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 6.20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99—ഭക്ഷ്യകാര്യഭരണം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-06-102-99-06—വാടക, കരം, നികുതി- 10 ലക്ഷം രൂപ

2210-06-102-99-34-3—മറ്റു ചെലവുകൾ-മറ്റിനം- 9.15 ലക്ഷം രൂപ

30. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളുടെയും കെട്ടിടങ്ങളുടെയും വാടക, കരം, നികുതി, എന്നിവയ്ക്കും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിൽ പ്രവർത്തിക്കുന്ന തപാൽ സ്റ്റാമ്പ് ഇനത്തിലുള്ള ചെലവ്, സെക്യൂരിറ്റി ജീവനക്കാരുടെ വേതനം എന്നിങ്ങനെയുള്ള മറ്റ് ചെലവുകൾ- മറ്റിനം എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-102-99-06 - 8.5 ലക്ഷം രൂപ

2210-06-102-99-34-3 - 12.9 ലക്ഷം രൂപ

2210-06-107-98-05-2—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 24.10 ലക്ഷം രൂപ (നോൺ പ്ലാൻ)

31. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് മേഖലാ ലബോറട്ടറികളും പത്തനംതിട്ട ജില്ലയിൽ ശബരിമല വഴിപാട് നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, കുടിവെള്ളം എന്നിവയുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിച്ചു വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

മേഖലയിൽ NABL അക്രഡിറ്റേഷൻ ലാബുകളും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കേണ്ടിവരുന്നതിനാൽ വൈദ്യുത ഉപഭോഗം വർദ്ധിച്ചു വരുന്ന സാഹചര്യമാണ്. നടപ്പു സാമ്പത്തിക വർഷം വൈദ്യുത ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 12.4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-05-3—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം - ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 39,000 രൂപ (നോൺ പ്ലാൻ)

32. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ലാബുകൾക്കും FSSAI അനുശാസിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കുമായുള്ള ടെലിഫോൺ/ബ്രോഡ്ബാന്റ് ചെലവിനത്തിനും തടസമില്ലാത്ത ഇന്റർനെറ്റ് സേവനത്തിനായും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 51,000 രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-107-98-06—ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറി തിരുവനന്തപുരം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 59,000 രൂപ (നോൺ പ്ലാൻ)

33. പത്തനംതിട്ട ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഭക്ഷ്യ പരിശോധനാ ലാബ്, കണ്ണൂർ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മേഖലാ ലാബ് എന്നിവയുടെ വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.31 ലക്ഷം തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഡ്രഗ്സ് കൺട്രോൾ വകുപ്പ്

2210-06-104-99—ഔഷധനിയന്ത്രണ കാര്യാലയം

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-06-104-99-06—വാടക, കരം, നികുതി - 8.80 ലക്ഷം രൂപ

2210-06-104-99-45—പി.ഒ.എൽ. - 1.65 ലക്ഷം രൂപ

34. ഔഷധനിയന്ത്രണ കാര്യാലയത്തിലെ മേൽപ്പറഞ്ഞ ശീർഷകങ്ങളിൽ കുടിശ്ശിക തുക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-99-06 - 30 ലക്ഷം രൂപ

2210-06-104-99-45 - 9 ലക്ഷം രൂപ

2210-06-104-98—മരുന്നു പരിശോധനാശാല

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

2210-06-104-98-05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം- 11,000 രൂപ

2210-06-104-98-06—വാടക, കരം, നികുതി - 99,000 രൂപ

35. എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ വെള്ളക്കരം, വാടക, കരം, നികുതി എന്നിവയ്ക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക നേരെ കാണിച്ചിരിക്കുന്ന തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-06-104-98-05-1 - 70,000 രൂപ

2210-06-104-98-06 - 9 ലക്ഷം രൂപ

## കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

2210-80-190-99-36—കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് സഹായധനം- സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 356.4 കോടി രൂപ (നോൺ പ്ലാൻ)

36. മരുന്ന് വാങ്ങിയ ഇനത്തിൽ മുൻകാല കുടിശ്ശിക ഉള്ളതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 507.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## റീജിയണൽ കാൻസർ സെന്റർ

2210-05-105-52-31—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 42.0726 കോടി രൂപ (നോൺ പ്ലാൻ)

37. റീജിയണൽ കാൻസർ സെന്ററിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബത്തകൾ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 57.9274 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-105-52-36—പ്രാദേശിക അർബുദ ചികിത്സാ കേന്ദ്രം-സഹായധനം- ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 23.4935 കോടി രൂപ (നോൺ പ്ലാൻ)

38. റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാരുടെ ശമ്പളേതര ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 58.8565 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97—നീണ്ടകരയിലെ ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് ധനസഹായം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-97-31—സഹായധനം-ശമ്പളം- 25.51 ലക്ഷം രൂപ

2210-05-200-97-36—സഹായധനം-ശമ്പളേതരം- 9.90 ലക്ഷം രൂപ

39. നീണ്ടകരയിലുള്ള ആർ.സി.സി.-യുടെ പെരിഫറൽ സെന്ററിന് പദ്ധതിയേതര ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-97-31 - 4.49 ലക്ഷം രൂപ

2210-05-200-97-36 - 10.10 ലക്ഷം രൂപ

## മലബാർ കാൻസർ സെന്റർ

2210-05-200-96—മലബാർ കാൻസർ സെന്ററിന് സഹായം

ബഡ്ജറ്റ് വിഹിതം : (പ്ലാൻ)

35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം - 16.8 കോടി രൂപ

36— സഹായധനം - ശമ്പളേതരം - 11.2 കോടി രൂപ

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

31—സഹായധനം - ശമ്പളം - 6.1194 കോടി രൂപ

36—സഹായധനം - ശമ്പളേതരം - 5.2785 കോടി രൂപ

40. മലബാർ കാൻസർ സെന്റർ നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികളുടെ പൂർത്തികരണത്തിനായും മറ്റു ചെലവുകൾക്കും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 18.818 കോടി രൂപ പ്ലാൻ ഫണ്ടിലും 7.334848 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. തിരുവനന്തപുരം, മലബാർ, കൊച്ചി എന്നീ കാൻസർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ മരുന്നുകൾ, മെഷീനുകൾ എന്നിവ വാങ്ങുന്നതിന് ദൗർലഭ്യം നേരിടുന്നു. ആയത് പരിഹരിക്കുന്നതിനായി പദ്ധതിയിനത്തിൽ ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഐക്കോൺസ്

2210-05-105-36—ജ്ഞാനഗോചര ആശയവിനിമയ വൈകല്യമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സൊസൈറ്റി (സൊസൈറ്റി ഫോർ റിഹാബിലിറ്റേഷൻ ഓഫ് കോഗ്നിറ്റീവ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഡിസ്സോർഡേഴ്സ്)-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ (പ്ലാൻ)

: 2.4114 കോടി രൂപ (നോൺ പ്ലാൻ)

42. വിഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ പ്രത്യേക ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ഐക്കോൺസ് നടപ്പിലാക്കി വരുന്നു. മേൽ പറഞ്ഞ പദ്ധതിയിൽ ചികിത്സയ്ക്കായി വിദഗ്ധ ഡോക്ടർമാരുടെയും പുനരധിവാസത്തിനായി

വിവിധ തെറാപ്പികളിൽ യോഗ്യതയുള്ളവരുടെയും പഠനത്തിനായി സ്പെഷ്യൽ അദ്ധ്യാപകരുടെയും സേവനങ്ങൾക്കായുള്ള ചെലവിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി രൂപ പ്ലാൻ ശീർഷകത്തിലും 4.8433 കോടി രൂപ നോൺ പ്ലാൻ ശീർഷകത്തിലും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇംഹാൻസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ്)

2210-05-200-95— മാനസിക ആരോഗ്യം, നാഡീവ്യൂഹം സംബന്ധിച്ച ശാസ്ത്രം

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-05-200-95-31— സഹായധനം-ശമ്പളം- 3 കോടി രൂപ

2210-05-200-95-36—സഹായധനം-ശമ്പളേതരം- 13.51 ലക്ഷം രൂപ

43. ഇംഹാൻസിലെ വിദ്യാർത്ഥികൾക്ക് 2021-22, 2022-23 എന്നീ വർഷങ്ങളിൽ സ്റ്റൈപ്പന്റ് നൽകുന്നതിനും മാനസിക ആരോഗ്യ മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെമിനാറുകൾ നടത്തുന്നതിനും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക അപര്യാപ്തമാണ്. ആയതിനാൽ താഴെ പറഞ്ഞിരിക്കുന്ന ശീർഷകങ്ങൾക്കു നേരെ കാണിച്ചിരിക്കുന്ന തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-05-200-95-31 - 31.56 ലക്ഷം രൂപ

2210-05-200-95-36 - 40.39 ലക്ഷം രൂപ

## സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

2210-06-800-81—പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന പദ്ധതി

ബഡ്ജറ്റ് വിഹിതം : 407 കോടി രൂപ (പ്ലാൻ)

2210-06-800-80-02—പ്രധാനമന്ത്രി ജന ആരോഗ്യ യോജന/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - സംസ്ഥാന വിഹിതം

ബഡ്ജറ്റ് വിഹിതം : 93 കോടി രൂപ (പ്ലാൻ)

ആകെ ബഡ്ജറ്റ് വിഹിതം : 500 കോടി രൂപ (പ്ലാൻ)

44. 2021-22 സാമ്പത്തിക വർഷം 1002.5 കോടി രൂപ സംസ്ഥാന വിഹിതമായും 138.89 കോടി രൂപ കേന്ദ്ര വിഹിതമായും ലഭിച്ചു. പ്രസ്തുത തുക മുൻ വർഷത്തെ കുടിശ്ശികയുള്ള തുക തീർപ്പാക്കാനും ബാക്കി തുക പ്രസ്തുത വർഷം ആശുപത്രിയിൽ നിന്നും ലഭ്യമായ 1386 കോടി രൂപയുടെ ക്ലെയിം അപേക്ഷകൾ തീർപ്പാക്കാനും ആവശ്യമായി വന്നു. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷവും സമാനമായ തുക വേണ്ടിവരുന്നമെന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ ശീർഷകങ്ങളിൽ 400 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ശിശുവികസന കേന്ദ്രം

2210-05-105-50-31—ശിശുവികസന സെന്റർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.251 കോടി രൂപ (നോൺ പ്ലാൻ)

45. ശിശുവികസന കേന്ദ്രത്തിൽ ശമ്പളം നൽകുന്നതിനായി, നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 47.43 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ആയുഷ് വകുപ്പ്

## ഭാരതീയ ചികിത്സാ വകുപ്പ്

2210-02-001-91—ആരോഗ്യ വിവരങ്ങളുടെ നടത്തിപ്പ് ക്രമം (എച്ച്.ഐ.എം.എസ്.)

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

46. എല്ലാ ആശുപത്രികളിലും ഇ-ഹോസ്പിറ്റൽ സംവിധാനം നടപ്പിലാക്കുന്നതിനും അനുബന്ധ സജ്ജീകരണങ്ങൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-74—ഭാരതീയ ചികിത്സാ രീതിയിലുള്ള സ്പോർട്സ് മെഡിസിൻ ഗവേഷണശാല

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

47. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, ജില്ലയിലെ സ്പോർട്സ് യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനത്തിനും പദ്ധതി കൂടുതൽ ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും നിലവിലെ ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-66—ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തലും നവീകരണവും

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ (പ്ലാൻ)

48. പ്രൊപ്പോസലിൽ ആവശ്യപ്പെട്ട പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനുവദിച്ച ഫണ്ട് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.94 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2210-02-101-65—ജീവനിയും പുനർനവയും

ബഡ്ജറ്റ് വിഹിതം : 95 ലക്ഷം രൂപ (പ്ലാൻ)

